(ബി) ഇത്തരത്തിൽ നിയമിതരായവരിൽ ആരെയെങ്കിലും ഹയർസെക്കന്ററി വകുപ്പിൽ സ്ഥിരപ്പെടുത്തുകയോ സ്ഥിരപ്പെടുത്തുന്നതിനായി ശിപാർശ നൽകുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ ഏത് വകുപ്പിൽ നിന്നും വന്ന ഉദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥനെ സ്ഥിരപ്പെടുത്താൻ ശിപാർശ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച T3, 23208/2015 നമ്പർ ഫയലിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് കോളേജ്, റവന്യൂ വകുപ്പ്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായവർ, പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും ഡിപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ, യൂണിവേഴ്സിറ്റി കളിൽനിന്നും നിയമിക്കപ്പെട്ട ആഗിരണം ചെയ്യപ്പെട്ടവർ, ദിവസ വേതനാടി സ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്ഥിര നിയമനം ലഭിച്ചവർ, പി.എസ്.സി മുഖേന നേരിട്ട് നിയമനം ലഭിച്ചവർ, ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ.

(ബി) ജെ.എൻ.ആർ ഹയർസെക്കന്ററി സ്കൂൾ എടവണ്ണയിലെ അദ്ധ്യാപക നായിരുന്ന ഡോ. അസീം സി.എം.-നെ കരിയർ ഗൈഡൻസിന്റെ സ്റ്റേറ്റ് കോ-ഓർഡിനേഷൻ തസ്തികയിൽ ജി.ഒ.(എം.എസ്)നമ്പർ 165/2015/പൊ.വി.വ 20-6-2015-ന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.കൂടാതെ 26-3-2015 തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ 76/2015/പൊ.വി.വ പ്രകാരം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന ശ്രീ. ലിനു കെ. എസ്, ശ്രീ. ബിജു.എ.ആർ., ശ്രീ. സുജികുമാർ.ആർ.എസ്., ശ്രീ. ബൈജു.ജി., ശ്രീ. ബി. ചന്ദ്രകുമാർ എന്നിവരെ യഥാക്രമം ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(സി) ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

പൊതു വിദ്യാലയങ്ങളിലെ കട്ടികളുടെ എണ്ണം

95 (5170) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ എത്ര സ്കൂളുകളെ അൺ എക്കണോമിക് ആയി ലിസ്റ്റു ചെയ്തിട്ടുണ്ട് ; സ്കൂളുകളുടെ പേരുസഹിതം പട്ടിക ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും ഉള്ള സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ ;

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 349, 378, 403, 405 (പ്രൊവിഷണൽ) സ്കൂളുകൾ അൺ എക്കണോമിക് ആയി ലിസ്റ്റ് ചെയ്തിട്ടുണ്ട്. വർഷാടിസ്ഥാനത്തിലുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധം (1)* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 2011-15 വരെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിലെ കുട്ടികളുടെ എണ്ണം അനുബന്ധം (2) ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പ്രവർത്തന ഫലമായി കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ചില ജില്ലകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സി.ബി.എസ്.ഇ., സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നുള്ള നിയമനം

96 (5171) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വകുപ്പിലെ ഒഴിവുകളിലേക്ക് സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly